# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 നവംബർ 10

# വാർത്താക്കുറിപ്പ്

## പരീക്ഷഫലം

2020 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ ബി.എഡ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 18 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1126/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. പ്ലാന്റ് ബയോടെക്നോളജി(റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 24 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്ക് വഴി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1127/2020)

2020 ജനുവരിയിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.എ.(പ്രൈവറ്റ്-സി.ബി.സി.എസ്.-2018 അഡ്മിഷൻ, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 24 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്ക് വഴി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1128/2020)

2019 ഡിസംബറിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, എം.എ. ഡെവലപ്മെന്റ് സ്റ്റഡീസ് (സി.എസ്.എസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1130/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. ഹിസ്റ്ററി(സി.എസ്.എസ്-റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 23 വരെ അപേക്ഷിക്കാം. 2012 അഡ്മിഷൻ മുതലുള്ളവർ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്ക് വഴിയും 2012 അഡ്മിഷന് മുമ്പുള്ളവർ പരീക്ഷ കൺട്രോളർക്കും അപേക്ഷ നൽകണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1131/2020)

## പ്രാക്ടിക്കൽ പരീക്ഷ

2019 നവംബറിൽ നടന്ന ബി.കോം. ഓഫ് ക്യാമ്പസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 19,20 തീയതികളിൽ മഹാത്മാഗാന്ധി സർവകലാശാല കാമ്പസിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടക്കും. വിദ്യാർഥികൾ ഹാൾടിക്കറ്റ്, തിരിച്ചറിയൽ രേഖ സഹിതം എത്തണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1132/2020)

## ഇന്റേണൽ റീ ഡു; അപേക്ഷിക്കാം

ഒന്നു മുതൽ എട്ടുവരെ സെമസ്റ്റർ ബി.ടെക് പരീക്ഷയുടെ (2010 വരെയുള്ള അഡ്മിഷൻ, 2010 അഡ്മിഷൻ മുതൽ) ഇന്റേണൽ അസസ്മെന്റ് റീ ഡുവിന് നവംബർ 27 വരെ അപേക്ഷിക്കാം. നാലുവർഷത്തെ റഗുലർ പഠനം പൂർത്തീകരിച്ച, സർവകലാശാല തിയറി പരീക്ഷയിൽ 40 മാർക്കോ അതിലധികമോ ലഭിച്ചിട്ടും ഇന്റേണൽ മാർക്കിലെ കുറവുമൂലം മാത്രം വിഷയത്തിന് പരാജയപ്പെട്ടവർക്കാണ് അവസരം. പരീക്ഷ ജയിച്ചവർക്കും ഇന്റേണലിന് 70 ശതമാനം മാർക്ക് കരസ്ഥമാക്കിയവർക്കും ഇന്റേണൽ റീഡുവിന് അവസരം ലഭിക്കില്ല. ഒരു വിഷയത്തിന് ഒരവസരം മാത്രമേ ലഭിക്കൂ. ഒരു വിഷയത്തിന് 2100 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. അപേക്ഷ ഡെപ്യൂട്ടി രജിസ്ട്രാർ 2(പരീക്ഷ)ന് നൽകണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1133/2020)

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം.എച്ച്.ആർ.എം.(പഴയ സ്കീം, 2015 വരെയുള്ള അഡ്മിഷൻ സ്പെഷൽ മേഴ്സി ചാൻസ്) പരീക്ഷയുടെ റിസർച്ച് മെത്തഡോളജി വിഷയത്തിന്റെ പരീക്ഷ നവംബർ 13ന് നടക്കും. ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1134/2020)

## പോളിമർ സയൻസിന്റെ നൂറാം വാർഷികാഘോഷം; രാജ്യാന്തര ഓൺലൈൻ കോൺഫറൻസ് 13 മുതൽ

പോളിമർ സയൻസിന്റെ നൂറാംവാർഷികാഘോഷങ്ങളുടെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസും പോളണ്ടിലെ ഡിഡാൻസ്ക് ടെക്നോളജി സർവകലാശാലയും സംയുക്തമായി സംഘടിപ്പിക്കുന്ന രാജ്യാന്തര ഓൺലൈൻ സമ്മേളനം നവംബർ 13 മുതൽ 15 വരെ നടക്കും. 'പോളിമർ സയൻസിന്റെ നൂറുവർഷങ്ങൾ; ഭൂതകാലവും ഭാവിയും' എന്ന വിഷയത്തിൽ നടക്കുന്ന കോൺഫറൻസ് പുനെ എൻ.സി.എൽ. മുൻ ഡയറക്ടർ ഡോ. എസ്. ശിവറാം ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും.

മാക്രോമോളിക്കുലാർ സയൻസിന്റെയും പോളിമർ സയൻസിന്റെയും വളർച്ചയുടെ ചരിത്രവും നേരിടുന്ന പ്രതിസന്ധികളും അവസരങ്ങളും ചർച്ചചെയ്യുന്ന കോൺഫറൻസിൽ വിവിധ വിഷയങ്ങളിൽ 30 രാജ്യങ്ങളിൽനിന്നുള്ള അറുപതിലേറെ പ്രഭാഷണങ്ങളും വിദ്യാർഥികളുടെ പോസ്റ്റർ പ്രദർശനവും നടക്കും. ജർമനി, ജപ്പാൻ, അമേരിക്ക, കാനഡ, ഫ്രാൻസ്, സ്വീഡൻ, ഓസ്ട്രിയ, സെനഗൽ, നേപ്പാൾ, ബ്രസീൽ, പോളണ്ട്, ചൈന തുടങ്ങി വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രമുഖ ശാസ്ത്രജ്ഞർ പങ്കെടുക്കും. വിശദവിവരത്തിന് www.polymericmaterials.macromol.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ/39/1135/2020)

**MGU Celebrates 100 Years of Polymer Science by International Webinar on 13th - 15th November 2020**

School of Energy Materials (SEM), Mahatma Gandhi University and Gdansk University of Technology, Gdansk, Poland is jointly organizing an International Online Conference on Macromolecules "100 YEARS OF POLYMER SCIENCE – FROM PAST TO FUTURE" from 13th - 15th November 2020 to commemorate the developments in the field of macromolecular science over the last 100 years. Prof. Sabu Thomas, the Honorable Vice chancellor of MG University, an international expert in polymer science (top 2% scientist and 2nd in India) will be the chairman of this meeting. **Dr. S Sivaram, Former Director, NCL Pune** will inaugurate and address the delegates and students. This international conference will focus on the foundation of macromolecular science, the dynamics of the growth over 100 years, the present challenges, new opportunities and future solutions. The conference will consist of 60 plenary talks, 60 invited talks, 35 short invited talks and 15 posters for students. As a special highlight, a lecture dedicated to Nobel Laureate Prof. **Hermann Staudinger** and his life will allow the participants to have a look into the early days of polymer science. There are also sessions for the discussion of joint European projects like Horizon 2020. Finally, a future forum will be organized in order to discuss current and future challenges in the field and to address possible solutions. We have plenary speakers form 30 countries which include Germany (MaxPlanck Institute), Japan, USA, Canada, France, Sweden, Slovenia, Austria, South Africa, Senegal, Nepal, Brazil, Italy, Australia, Slovakia, Czech, Poland, Romania, Finland, Belgium, Spain, Portugal, Mexica, Korea, China, Taiwan etc.

The major areas of the conference include:

⇒ **History of Polymer Science-***Historical background, naming, major inventions, significance, classifications etc, development of polymer of polymer science as an interdisciplinary subject*

⇒ **Synthesis of New Polymers –** *Polymers synthesized by various mechanisms, such as radical polymerization, condensation polymerization, graft-copolymerization, photo-polymerization, and ring-opening polymerization polymers, polymers of controlled architecture, block copolymers*

⇒ **Polymer Characterization**-*Morphological, thermal, rheological, mechanical, spectroscopic, thermomechanical, electrical all other relevant techniques*

⇒ **Advanced Functional Polymeric Materials**- *Functional Polymers, biodegradable copolymer materials, gels, IPNs, polyelectrolytes,, polymer blends, block copolymers cyclic polymers and copolymers, polymer-based technologies, and polymer nanocomposites*

⇒ **Applications of Polymers-** *Aerospace, civil engineering, agriculture ,electronics medical, automobile civil engineering, ocean, smart & high performance coatings, high barrier packaging; solar energy harvesting; power generation using polymers; polymer sensors; conducting polymers, gas transport membranes, smart drug delivery systems etc.*

⇒ **Future of Polymer Science and Technolog***y :Future scopes and applications*

The conference will end on the 15th November at 8 pm with a panel discussion headed by Prof. Dominique Durand of France. Those who are interested to participate the conference can see the web page: www.polymericmaterials.macromol.in and contact by E mail ID: macromolecules@macromol.in

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ